സപ്ലൈകോ വഴിയുള്ള നെല്ല് സംഭരണം

7 (*97) ശ്രീ. എ. എം. ആരിഫ് :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. സി. കെ. സദാശിവൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോ നടത്തിയ നെല്ല് സംഭരണത്തിൽ കർഷകർക്ക് നെല്ലിന്റെ വില നൽകാനുണ്ടോ ; എങ്കിൽ എത്ര തുകയാണ് നൽകാനുള്ളതെന്ന് അറിയിക്കാമോ ;

(ബി) ഈ സീസണിൽ സപ്ലൈകോ എത്ര ടൺ നെല്ലാണ് സംഭരിച്ചതെന്ന റിയിക്കാമോ ;

(സി) എന്ന് നിരക്കിലാണ് സംഭരണം നടത്തിയത് ; സംസ്ഥാനം വിഹിതം നൽകാത്തതിനാൽ കേന്ദ്ര വിഹിതം മാത്രം വിതരണം ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ഡി) പി.ആർ.എസ്. വായ്പാ പദ്ധതികൊണ്ട് ഉദ്ദേശിച്ചിരുന്നത് എന്തായിരുന്നു ; അതിന്റെ ലക്ഷ്യം നേടാനായിട്ടുണ്ടോ ; വിശദമാക്കാമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്):

(എ) 2014-15 രണ്ടാം വിളയിൽ കർഷകർക്ക് ഇനി നൽകാനുള്ളത് 97.61 കോടി രൂപയാണ്.

(ബി) 2014-15 രണ്ടാം വിളയിൽ സപ്ലൈകോ 406813 ടൺ നെല്ല് സംഭരിച്ചു.

(സി) കിലോഗ്രാമിന് 19 രൂപ നിരക്കിലാണ് നെല്ല് സംഭരണം നടത്തിയത്. ഒന്നാം ഗഡുവായി, കേന്ദ്രവിഹിതമായ ₹ 13.60 നിരക്കിൽ വിതരണം ചെയ്തു തുടങ്ങിയെങ്കിലും പിന്നീട് രണ്ടാം ഗഡുവായി, സംസ്ഥാന വിഹിതമായ ₹ 5.40 കൂടി നൽകി. സംഭരണ വിലയായ 19 രൂപ പ്രകാരമുള്ള മുഴുവൻ തുകയും 15-5-2015 വരെ നെല്ല് നൽകിയ കർഷകർക്ക് വിതരണം ചെയ്തു.

(ഡി) പി.ആർ.എസ്. വായ്പ പദ്ധതി പ്രകാരം കർഷകർ സപ്ലൈകോയ്ക്ക് നെല്ല് നൽകിയ വകയിൽ ലഭിക്കുവാനുള്ള തുക അവർ ബാങ്ക് ലോണായി എടുക്കുകയും അതിന്റെ പലിശ സപ്ലൈകോ നൽകുകയും ചെയ്യുന്നു. ഇതനുസരിച്ച് 2014-15 രണ്ടാം

LIBRARY ARCHIVES Kerala Legislative Assembly

വിള സീസണിൽ പാലക്കാട് ജില്ലാ സഹകരണ ബാങ്ക്, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ, കാനറ ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങൾ വഴി കോട്ടയം, ആലപ്പുഴ, പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ കർഷകർക്ക് ₹ 271.12 കോടി രൂപ 26-6-2015 തീയതി വരെ നൽകിയിട്ടുണ്ട്.

റോഡ് വികസന പദ്ധതി

8 (T*98) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് വികസന പദ്ധതി ഏത് ഘട്ടം വരെയായിയെന്ന് വ്യക്തമാക്കാമോ ;

(ബി) റോഡുകളുടെ പുനരുദ്ധാരണത്തിന് നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ എപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ&ബി) റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് വിഭാഗമായി തിരിച്ച് യഥാക്രമം 469 കി.മീ., 621 കി.മീ. ദൈർഘ്യംവരുന്ന റോഡുകളുടെ നവീകരണമാണ് സംസ്ഥാന റോഡ് വികസന പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്. റീഹാബിലിറ്റേഷൻ പാക്കേജിൽ ഉൾപ്പെട്ട 469 കി.മീ.റോഡുകളുടെ നവീകരണത്തിന് പി.പി.പി. ആന്വിറ്റി രീതിയിൽ ടെണ്ടർ ക്ഷണിച്ചപ്പോൾ കിട്ടിയ ഓഫറുകളിലെ ആന്വിറ്റി നിരക്കുകൾ വളരെ കൂടുതൽ ആയതിനാൽ അനുമതി നൽകിയിരുന്നില്ല. ഇപ്പോൾ റീഹാബിലിറ്റേഷൻ പക്കേജിലെ 106.20 കി.മീ. റോഡുകൾ ഒരു പൈലറ്റ് പ്രോജക്ടായി പുതുക്കിയ നിബന്ധനകളോടെ പി.പി.പി./ആന്വിറ്റി രീതിയിൽ ടെണ്ടർ ക്ഷണിച്ചിരിക്കുകയാണ്. ജൂലൈ മാസം 7-ാം തീയതിയാണ് ഓഫറുകൾ നൽകേണ്ട അവസാന തീയതി. കൂടാതെ റീഹാബിലിറ്റേഷൻ പാക്കേജിൽ അവശേഷിക്കുന്ന 363 കി.മീ. റോഡുകളും അപ്ഗ്രഡേഷൻ പാക്കേജിലെ 621 കി.മീ. റോഡുകളും ഉൾപ്പെടുത്തി ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസിയിൽ നിന്നുള്ള ധനസഹായത്തിനായുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly